# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2531 — 07-10-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ ആദ്യ ഘട്ടം എന്ന് 'കമ്മിഷൻ' ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ; | (എ) കരാർ പ്രകാരം വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടപ്രവർത്തനം (കമ്മിഷണിംഗ്) തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5 -ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.<br>അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ പദ്ധതിയുടെ ഡവലപ്പേഴ്സായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കൺസഷണയർ) പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട് . |
| (ബി) കുളച്ചൽ തുറമുഖ പദ്ധതി വിഴിഞ്ഞത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും മറ്റും പ്രതിബന്ധമാണെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് സർക്കാരിന് ആശങ്കയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കേന്ദ്രമന്ത്രി സഭ തീരുമാനം വിശദമാക്കിയിട്ടുള്ള കുറിപ്പ് പ്രകാരം കുളച്ചലിന് അടുത്തുള്ള ഇനയം തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രി സഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി മനസ്സിലാക്കുന്നു.<br>വിഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോമീറ്റർ ദൂരത്തുള്ള ഇനയം തുറമുഖത്തിന്റെ |

ആവിർഭാവം തുറമുഖങ്ങൾ തമ്മിലുള്ള ശക്തമായ മത്സരത്തിന് വഴി ഒരുക്കിയേക്കാം. ഇത് 2 പദ്ധതികളുടെയും സാമ്പത്തികമായ സാധ്യതകളെ (Financial viability) സാരമായി ബാധിക്കാനും സാധ്യതയുണ്ട്. ഇതിൽ സർക്കാരിനു ആശങ്കയുണ്ട്. ഇനയം തുറമുഖം യാഥാർത്ഥ്യമായാൽ വിഴിഞ്ഞം തുറമുഖത്തിന്റെ സാമ്പത്തിക സാധ്യതകളിലെ ഇടിവും സംസ്ഥാനത്തിന്റെ ആശങ്കകളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയായ ഞാനും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുകയും വിഴിഞ്ഞത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

**സെക്ഷൻ ഓഫീസർ**